# പാലക്കുഴ ഗ്രാമപഞ്ചായത്ത് കാര്യാലയം

പാലക്കുഴ പി.ഒ. പിൻ–686662, ഫോൺ–0485 2252334
പാമ്പാക്കുട ബ്ലോക്ക്, മൂവാറ്റുപുഴ താലൂക്ക്
E-mail-mail.palakuzhagp@gmail.com
**Website –** https://palakuzhapanchayat.lsgkerala.gov.in

---

## *ANIMAL BIRTH CONTROL - STRAY DOG MANAGEMENT COMMITTEE (ABC-SDMC)*

**കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**തീയതി :** 8.09.2026
**സമയം :** 10.30 AM

**സ്ഥലം :** പാലക്കുഴ ഗ്രാമപഞ്ചായത്ത് ഓഫീസ്

പാലക്കുഴ ഗ്രാമപഞ്ചായത്തിൽ Animal Birth Control - Stray Dog Management Committee (ABC-SDMC) രൂപീകരിച്ചതിന്റെ ഭാഗമായി കമ്മിറ്റി യോഗം മേൽപ്പറഞ്ഞ തീയതിയിലും സമയത്തും സ്ഥലത്തും ചേർന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തെരുവുനായ നിയന്ത്രണം, മാനേജ്മെന്റ്, Animal Birth Control പ്രവർത്തനങ്ങളുടെ ഏകോപനം, ആവശ്യമായ സാഹചര്യങ്ങളിൽ നിയമാനുസൃതമായ നടപടികൾ, സാമൂഹിക ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കൽ, പൊതുജനാരോഗ്യവും പൊതുനിരത്തുകളിലെ സുരക്ഷയും ഉറപ്പുവരുത്തൽ എന്നിവ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി കമ്മിറ്റി വിശദമായി ചർച്ച നടത്തി.

**കമ്മിറ്റിയുടെ ഘടന**

**അധ്യക്ഷൻ :**
ശ്രീ. T. N. സുനിൽ,
പ്രസിഡന്റ്, പാലക്കുഴ ഗ്രാമപഞ്ചായത്ത്.

**കൺവീനർ :**
ശ്രീ. സുനിൽ R,
സെക്രട്ടറി, പാലക്കുഴ ഗ്രാമപഞ്ചായത്ത്.

**അംഗങ്ങൾ :**

1. ശ്രീ. സാജു വർഗീസ് - 1–ാം വാർഡ് മെമ്പർ
2. ശ്രീ. ബിനീഷ് ഗോപി - 2–ാം വാർഡ് മെമ്പർ
3. ശ്രീമതി സേബ എൽദോ - 3–ാം വാർഡ് മെമ്പർ
4. ശ്രീമതി റീന അനിൽ - 4–ാം വാർഡ് മെമ്പർ
5. ശ്രീമതി മേഴ്സി ജോസ് - 5–ാം വാർഡ് മെമ്പർ
6. ശ്രീ. ജെയ്സൺ ജോർജ് - 6–ാം വാർഡ് മെമ്പർ
7. ശ്രീ. T. N. സുനിൽ - 7–ാം വാർഡ് മെമ്പർ / പഞ്ചായത്ത് പ്രസിഡന്റ്
8. ശ്രീമതി സ്വപ്ന ബിജു - 8–ാം വാർഡ് മെമ്പർ
9. ശ്രീമതി വീണ ഉണ്ണി - 9–ാം വാർഡ് മെമ്പർ
10. ശ്രീമതി ദിൽഷ മണികണ്ഠൻ - 10–ാം വാർഡ് മെമ്പർ / വൈസ് പ്രസിഡന്റ്
11. ശ്രീ. ഷാജു ജേക്കബ് - 11–ാം വാർഡ് മെമ്പർ
12. ശ്രീ. ജോർജ് കെ. ജെ. - 12–ാം വാർഡ് മെമ്പർ
13. ശ്രീമതി പുഷ്പ വിജയൻ - 13–ാം വാർഡ് മെമ്പർ
14. ശ്രീ. മിനി സജി - 14–ാം വാർഡ് മെമ്പർ
15. ശ്രീമതി ദിയ - വെറ്ററിനറി ഡോക്ടർ
16. ABC കേന്ദ്രം പ്രോജക്ട് ഇൻചാർജ്
17. Dr. ജ്യോത്സനാ ജേക്കബ്, മെഡിക്കൽ ഓഫീസർ, F.H.C ,PALAKKUZHA

18. സംസ്ഥാന Animal Welfare Board പ്രതിനിധി

കമ്മിറ്റി അംഗങ്ങൾ തെരുവുനായ നിയന്ത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തു. പഞ്ചായത്തിലെ വിവിധ വാർഡുകളില് തെരുവ് നായ്ക്കള് ഉണ്ടെങ്കിലും അവ അപകടകാരികളോ, അക്രമാസ്ക്തരോ എല്ലായെന്ന് യോഗം വിലയിരുത്തി തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ ഏകകണ്ഠമായി കൈക്കൊണ്ടു.

**തീരുമാനം നമ്പർ 1 – ദയാവധം സംബന്ധിച്ച നടപടി**

തെരുവുനായ്ക്കളിൽ ദയാവധം ആവശ്യമായ സാഹചര്യം നിലവിലുള്ളതായി കണ്ടെത്തുന്ന പക്ഷം, ബന്ധപ്പെട്ട വസ്തുതകൾ പരിശോധിച്ച് **ABC–SDMC-യുടെ വ്യക്തമായ രേഖാമൂലമുള്ള ശുപാർശയും, ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിച്ചും മാത്രം,** മൃഗത്തോട് പരമാവധി മാനുഷിക പരിഗണന ഉറപ്പാക്കുന്ന രീതിയിൽ ദയാവധം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചു.

**തീരുമാനം നമ്പർ 2 – അംഗീകൃത വെറ്ററിനറി സർജൻ**

ദയാവധ നടപടികൾ **യോഗ്യനും അംഗീകൃതനുമായ വെറ്ററിനറി സർജൻ മുഖേന മാത്രം** നടത്തേണ്ടതും, ബന്ധപ്പെട്ട നിയമങ്ങളും വെറ്ററിനറി പ്രോട്ടോക്കോളുകളും കർശനമായി പാലിക്കേണ്ടതുമാണെന്ന് തീരുമാനിച്ചു.

**തീരുമാനം നമ്പർ 3 – മരുന്നുകളും നടപടിക്രമവും**

ദയാവധം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബാധകമായ വെറ്ററിനറി പ്രോട്ടോക്കോൾ അനുസരിച്ച് അംഗീകരിക്കപ്പെട്ട മരുന്നുകൾ മാത്രം ഉപയോഗിക്കേണ്ടതാണ്. **Sodium Pentobarbital അല്ലെങ്കിൽ Thiopental Sodium** പോലുള്ള നിയമാനുസൃതമായി അംഗീകരിച്ച euthanasia agents മാത്രമേ ഉപയോഗിക്കാവൂ എന്നും, സാധ്യമാകുന്നിടത്ത് ആവശ്യമായ sedation/anesthesia നൽകി മൃഗത്തിന് അനാവശ്യമായ വേദനയും ഭീതിയും ഒഴിവാക്കണമെന്നും തീരുമാനിച്ചു.

വേദനയും അനാവശ്യമായ ക്രൂരതയും ഉണ്ടാക്കുന്ന മറ്റ് രാസവസ്തുക്കളോ യാന്ത്രിക മാർഗങ്ങളോ യാതൊരു സാഹചര്യത്തിലും ഉപയോഗിക്കരുതെന്നും തീരുമാനിച്ചു.

**തീരുമാനം നമ്പർ 4 – ദയാവധ രജിസ്റ്റർ**

ABC–SDMC-യുടെ മേൽനോട്ടത്തിൽ **പ്രത്യേക ദയാവധ രജിസ്റ്റർ** സൂക്ഷിക്കുന്നതിന് തീരുമാനിച്ചു.

ഓരോ കേസിലും, സാധ്യമായ പരിധിയിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്:

- നായയെ കണ്ടെത്തിയ/പിടികൂടിയ സ്ഥലം
- തീയതി
- ഫോട്ടോ
- Identification Tag / മറ്റ് തിരിച്ചറിയൽ വിവരങ്ങൾ
- ദയാവധം ആവശ്യമായി വന്നതിന്റെ വ്യക്തമായ കാരണം
- രോഗാവസ്ഥ / ഗുരുതര പരിക്ക് / അക്രമണ സ്വഭാവം തുടങ്ങിയ പ്രസക്തമായ വിവരങ്ങൾ
- വെറ്ററിനറി സർജന്റെ പരിശോധനയും സർട്ടിഫിക്കേഷനും
- ദയാവധം നടത്തിയ തീയതിയും നടപടിയുടെ വിവരങ്ങളും
- ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും കമ്മിറ്റി അംഗങ്ങളുടെയും സാക്ഷ്യപ്പെടുത്തൽ.

**തീരുമാനം നമ്പർ 5 – അക്രമണ സ്വഭാവമുള്ള നായ്ക്കളുടെ സുരക്ഷിത കൈകാര്യം**

അക്രമണ സ്വഭാവമുള്ള തെരുവുനായ്ക്കളെ പിടികൂടുമ്പോൾ പൊതുജനങ്ങൾക്കും മൃഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും അപകടം ഉണ്ടാകാത്തവിധം ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം. ആവശ്യമായ സാഹചര്യത്തിൽ അംഗീകൃത വെറ്ററിനറി നിർദ്ദേശപ്രകാരം sedation നൽകി ശാന്തമാക്കിയ ശേഷമേ അവയെ സുരക്ഷിതമായി വാഹനത്തിൽ കയറ്റി മാറ്റാവൂ എന്ന് തീരുമാനിച്ചു.

**തീരുമാനം നമ്പർ 6 – നിരീക്ഷണ കാലയളവ്**

ദയാവധം പരിഗണിക്കേണ്ട തെരുവുനായ്ക്കളെ പിടികൂടിയതിനുശേഷം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള **Isolation Kennel / ABC Centre / Shelter** എന്നിവിടങ്ങളിൽ

സാധ്യമായിടത്ത് **2 മുതൽ 3 ദിവസം വരെ നിരീക്ഷണത്തിൽ** സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു.

ഈ കാലയളവിൽ അംഗീകൃത മൃഗസംരക്ഷണ സംഘടനകൾ, ഏജൻസികൾ, മൃഗശുശ്രൂഷാ/സംരക്ഷണ സ്ഥാപനങ്ങൾ എന്നിവ ഏറ്റെടുക്കാൻ താൽപര്യം പ്രകടിപ്പിക്കുന്ന പക്ഷം, ബാധകമായ നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**തീരുമാനം നമ്പർ 7 – വിവരങ്ങളുടെ സുതാര്യത**

ദയാവധത്തിനായി പിടികൂടിയ തെരുവുനായ്ക്കളുടെ ലഭ്യമായ വിവരങ്ങൾ, നിയമാനുസൃതമായ പരിധിയിൽ, പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ **നോട്ടീസ് ബോർഡ്, ഔദ്യോഗിക വെബ്സൈറ്റ്, ബന്ധപ്പെട്ട ഓഫീസുകൾ** എന്നിവ മുഖേന പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

**തീരുമാനം നമ്പർ 8 – മറ്റ് നായ്ക്കളുടെ സാന്നിധ്യം ഒഴിവാക്കൽ**

ദയാവധ നടപടികൾ നടത്തുന്ന സ്ഥലത്ത് മറ്റ് തെരുവുനായ്ക്കളുടെ സാന്നിധ്യം ഒഴിവാക്കുന്നതിനും നടപടികൾ സുരക്ഷിതവും നിയന്ത്രിതവുമായ അന്തരീക്ഷത്തിൽ മാത്രം നടത്തുന്നതിനും തീരുമാനിച്ചു.

**തീരുമാനം നമ്പർ 9 – മരണം സ്ഥിരീകരിക്കൽ**

ദയാവധത്തിന് ശേഷം മൃഗത്തിന്റെ ശരീരം സംസ്കരിക്കുന്നതിന് മുമ്പ്, ബന്ധപ്പെട്ട **വെറ്ററിനറി സർജൻ മൃഗത്തിന്റെ മരണം സ്ഥിരീകരിച്ച് രേഖപ്പെടുത്തേണ്ടതാണ്** എന്ന് തീരുമാനിച്ചു.

**തീരുമാനം നമ്പർ 10 – സാക്ഷ്യപ്പെടുത്തൽ**

ഓരോ ദയാവധ നടപടിക്കും ശേഷം ബന്ധപ്പെട്ട വെറ്ററിനറി സർജനും, നടപടിക്ക് സാക്ഷിയായ കമ്മിറ്റി/ബന്ധപ്പെട്ട ഉദ്യോഗസ്ഥരും **ദയാവധ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്** എന്ന് തീരുമാനിച്ചു.

**തീരുമാനം നമ്പർ 11 – നിയമാനുസൃതതയും സാമൂഹിക ഉത്തരവാദിത്വവും**

ABC–SDMC–യുടെ കീഴിൽ നടപ്പാക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും നിലവിലുള്ള കേന്ദ്ര/സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, Animal Birth Control സംബന്ധിച്ച ബാധകമായ മാർഗനിർദ്ദേശങ്ങൾ, മൃഗക്ഷേമ മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നതിനും, നടപടികളിൽ സുതാര്യത, രേഖാമൂലമുള്ള ഉത്തരവാദിത്വം, സാമൂഹിക ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ തീരുമാനങ്ങൾ കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു.

**യോഗം 12.30 P.M മണിക്ക് അവസാനിച്ചു.**

**അധ്യക്ഷൻ**
T. N. സുനിൽ
പ്രസിഡന്റ്
പാലക്കുഴ ഗ്രാമപഞ്ചായത്ത് (ഒപ്പ്)

**കൺവീനർ** **സെക്രട്ടറി**
സുനിൽ R
സെക്രട്ടറി പാലക്കുഴ ഗ്രാമ പഞ്ചായത്ത്
പാലക്കുഴ ഗ്രാമപഞ്ചായത്ത്